സ്ഥാപനം	അനുവദിക്കപ്പെട്ട തസ്തിക	നിലവിലുള്ളത്	ഒഴിവുകൾ
പി.എച്ച്.സി, അയ്യമ്പിള്ളി	2	2	...
പി.എച്ച്.സി, വല്ലാർപാടം	1	1	...
പി.എച്ച്.സി, മുളവുകാട്	2	2	...
പി.എച്ച്.സി, മുനമ്പം	2	2	...
പി.എച്ച്.സി, പുതുവൈപ്പ്	1	1	...
പി.എച്ച്.സി, ഇടവനക്കാട്	1	1	...
പി.എച്ച്.സി, പിഴല	2	2	...
പി.എച്ച്.സി, നായരമ്പലം	1	1	...
ആകെ	12	12	...

(ബി) വൈപ്പിൻ നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൊന്നും ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലില്ല.

പയ്യന്നൂർ നിയോജകമണ്ഡലം-ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ

61 (6766) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ താഴെ ചേർത്തിരിക്കുന്നു:

1. പുളിഞ്ഞോം പ്രൈമറി ഹെൽത്ത് സെന്റർ

- അസിസ്റ്റന്റ് സർജൻ – 1

LIBRARY ARCHIVES Kerala Legislative Assembly

2. പെരിഞ്ഞോം താലൂക്ക് ആശുപത്രി

- സിവിൽ സർജൻ - 1
- ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) - 1
- ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) - 1
- അസിസ്റ്റന്റ് സർജൻ - 1

3. പയ്യന്നൂർ താലൂക്കാശുപത്രി

- ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) - 1
- ജൂനിയർ കൺസൾട്ടന്റ് (സർജറി) - 1
- ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) - 1
- ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) - 1
- കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 1

(ബി) പി.എസ്.സി-യിൽ നിന്നും നിയമന നിർദ്ദേശം ലഭിച്ചവരിൽ നിന്നും 1-8-2014-ന് നടക്കുന്ന കൗൺസിലിംഗ് മുഖാന്തിരം അസിസ്റ്റന്റ് സർജന്റെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റുള്ള ഒഴിവുകൾ സർവ്വീസിൽ പി.ജി. യോഗ്യതയുള്ളവരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ചും, പ്രൊമോഷൻ മുഖേനയും നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

നാട്ടികമണ്ഡലം സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ

62 (6767) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ദീർഘനാളുകളായി ഒഴിഞ്ഞുകിടക്കുന്ന ഈ തസ്തികകളിൽ നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ എത്രയുംവേഗം നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly